എന്നാൽ ലോകബാങ്ക് ഭാരത സർക്കാരിന് തുക നൽകുകയും ഭാരത സർക്കാർ സംസ്ഥാന സർക്കാരിന് പദ്ധതിയിനത്തിൽ ഉൾക്കൊള്ളിച്ച് അഡീഷണൽ കേന്ദ്രസഹായമായി ഭാരത സർക്കാരും കേരള സർക്കാരും തമ്മിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായാണ് കേരള സർക്കാരിന് നൽകുന്നത്.

ലോകബാങ്കിൽനിന്നും കേരള ഫോറസ്ട്രി പ്രോജക്ടിനു ലഭിക്കുന്ന സഹായം കരാറനുസരിച്ച് ഭാരത സർക്കാർ 2008 മുതൽ 2033 വരെ അർദ്ധ വാർഷിക ഗഡുക്കളായാണ് തിരിച്ചടയ്ക്കേണ്ടത്. ലോകബാങ്ക് ഇതിന് മുക്കാൽ ശതമാനം സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതാണ്. പ്രൈമറി എൻവയോൺമെന്റ് സ്കീം കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായതിനാൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥകൾ ഇതിനും ബാധകമാണ്.

വനം വകുപ്പിൽ റേഞ്ചർ തസ്തികയിലേയ്ക്ക് നിയമനം

84 (1907)ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ റേഞ്ചർമാരായി ഏതൊക്കെ വിഭാഗങ്ങളിൽ നിയമനം നടക്കുന്നുവെന്നും ഓരോ വിഭാഗത്തിലും നിലവിൽ എത്ര റേഞ്ചർമാരുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) നേരിട്ട് നിയമിക്കുന്ന റെയിഞ്ചർമാരുടെ യോഗ്യതകൾ എന്തൊക്കെയാണ്;

(സി) റേഞ്ചർ തസ്തികയിലേക്ക് 1998 ഡിസംബറിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി;

(ഡി) വനം വകുപ്പിൽ റേഞ്ചർമാരുടെ 'കേഡർ സ്ട്രെങ്ത്' എത്രയെന്നും ഇതിൽ നേരിട്ടുള്ള നിയമനത്തിന് മാറ്റിവച്ചിരിക്കുന്നത് എത്ര ശതമാനമെന്നും അവ എത്ര സീറ്റുകൾ വരുമെന്നും വ്യക്തമാക്കുമോ;

(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം എത്ര ഒഴിവുകൾ നിലവിൽവന്നു; അവയിൽ എത്രയെണ്ണം നേരിട്ടുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്തു;

(എഫ്) പി.ആന്റ്.എ.ആർ.ഡി.യുടെ 87/92/പി.ആന്റ് എ.ആർ.ഡി. തീയതി 5.12.92 വനം വകുപ്പിന്റെ 60/93/വനം തീയതി 11.8.93 എന്നീ ഉത്തരവുകൾ അനുസരിച്ചാണോ ഡിസംബർ മാസത്തിനുശേഷമുണ്ടായ ഒഴിവുകൾ നികത്തിയത്; അല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ജി) നേരിട്ട് നിയമനത്തിനുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതെ ഡെപ്യൂട്ടി റെയിഞ്ചർമാർക്ക് പ്രൊമോഷൻ നൽകി നിയമിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(എച്ച്) ഫോറസ്റ്റേഴ്സ് ട്രെയിനിംഗ് പൂർത്തിയാക്കിയ ഡെപ്യൂട്ടി റെയിഞ്ചർ/ഫോറസ്റ്റർ കാറ്റഗറീസ് റെയിഞ്ചർമാരുടെ കേഡർ സ്ട്രെങ്തിന്റെ എത്ര ശതമാനമാണ് അർഹതയുള്ളത്;

(ഐ) ഇപ്പോൾ എത്ര റെയിഞ്ചർമാരാണ് ഈ കാറ്റഗറിയിൽ വകുപ്പിലുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ജെ) ഇത് നിശ്ചിത ശതമാനത്തിലും കൂടുതലാണോ; എങ്കിൽ ഇപ്രകാരം സംഭവിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) വനം വകുപ്പിൽ നാല് കാറ്റഗറികളിലായാണ് റെയിഞ്ചർമാരെ നിയമിക്കുന്നത്. അവ താഴെപറയുന്നവയാണ്.

1. നേരിട്ടുള്ള നിയമനം (ബി.എസ്.സി. ഫോറസ്ട്രി ബിരുദധാരികൾ)

2. ഫോറസ്റ്റ് അപ്രന്റീസ് (ബി.എസ്.സി. ബിരുദധാരികൾ)

3. പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖേന തെരഞ്ഞെടുക്കുന്ന വനം വകുപ്പിലെ ഫോറസ്റ്റർമാർ.

4. പ്രൊമോഷൻ മുഖേന നിയമനം നൽകുന്നവർ. മേൽപ്പറഞ്ഞ ഓരോ കാറ്റഗറിയിലും യഥാക്രമം 27, 72, 45, 55 വീതം റെയിഞ്ചർമാർ നിലവിലുണ്ട്.

(ബി) നേരിട്ട് നിയമിക്കുന്ന റെയിഞ്ചർമാർക്ക് നൽകിയിട്ടുള്ള 50% സംവരണത്തിൽ 25% ബി.എസ്.സി. (ഫോറസ്ട്രി) ബിരുദധാരികളെയും 25% ബി.എസ്.സി. ബിരുദധാരികളെയും നിയമിക്കുന്നു. മേൽപ്പറഞ്ഞ ബിരുദങ്ങൾ കൂടാതെ സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ശാരീരിക അളവുകളും കായിക കാര്യക്ഷമതയും യോഗ്യതയായി വേണ്ടതാണ്.

(സി) 27 പേർക്ക് നിയമനം നൽകി.

(ഡി) റേഞ്ചർമാരുടെ കേഡർ സ്ട്രെങ്ത് 199 ആണ്. ഇതിൽ നേരിട്ടുള്ള നിയമനത്തിനായി 50% സീറ്റുകൾ മാറ്റിവച്ചിട്ടുണ്ട്. (ബി.എസ്.സി. ഫോറസ്ട്രി ബിരുദധാരികൾക്കും, ബി.എസ്.സി. ബിരുദധാരികൾക്കും 25% വീതം) ഇതിൽ 99 തസ്തികകൾ ഉണ്ട്.

(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം നേരിട്ടുള്ള നിയമനത്തിനുള്ള 11 ഒഴിവുകളും പ്രൊമോഷൻ മുഖാന്തിരം നികത്തുന്നതിനുള്ള 21 ഒഴിവുകളും ഉണ്ടായിട്ടുണ്ട്. നേരിട്ടുള്ള നിയമനത്തിനുള്ള 11 ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.

(എഫ്) മേൽപ്പറഞ്ഞ ഉത്തരവുകൾ അനുസരിച്ചാണ് ഒഴിവുകൾ നികത്തിയത്.

(ജി) ഇല്ല.

(എച്ച്) 25 ശതമാനം.

(ഐ) കേഡർ സ്ട്രെങ്തിലെ 50-ഉം നേരിട്ടുള്ള നിയമനത്തിന് പി.എസ്.സി. മുഖേന തെരഞ്ഞെടുത്ത് പരിശീലനം നൽകിവരുന്ന 27 റെയിഞ്ചർമാരുടെ പരിശീലനകാലം പൂർത്തിയാകുന്നതുവരെ ഡിപ്പാർട്ടുമെന്റ് കാര്യങ്ങളുടെ നടത്തിപ്പിനായി താൽക്കാലികമായി പ്രൊമോട്ടു ചെയ്തിട്ടുള്ള 27 പേരും പി.എസ്.സി. മുഖേന തെരഞ്ഞെടുക്കേണ്ട ഫോറസ്റ്റർമാർക്ക് പകരമായി 5 പേരും ചേർത്ത് ആകെ 82 പേർ ഇപ്പോൾ ഈ കാറ്റഗറിയിൽ ജോലി ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ജെ) നിലവിലുള്ള 82 പേരിൽ 32 പേർ നിശ്ചിത ശതമാനത്തിൽ കൂടുതലാണ്. പി.എസ്.സി. മുഖേന നിയമിക്കപ്പെട്ട റെയിഞ്ചർമാർ ഒരു വർഷത്തെ പരിശീലനം കഴിഞ്ഞ് തിരികെ പ്രവേശിക്കുന്നതുവരെ മാത്രമാണ് ഈ താൽക്കാലിക വർദ്ധനവ് ഉണ്ടാവുക. റെയിഞ്ചർമാർ പരിശീലനം കഴിഞ്ഞ് സർവ്വീസിൽ പ്രവേശിക്കുമ്പോൾ ഇവരെ തരംതാഴ്ത്തുകയും ചെയ്യും.

പാറശ്ശാലയിൽ റീജിയണൽ വർക്ക്ഷോപ്പ്

85(1908) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാലയിൽ റീജിയണൽ വർക്ക്ഷോപ്പ് പണിയുന്നതിന് 1984-ൽ 8 ഏക്കർ 50 സെന്റ് സ്ഥലം പൊന്നും വിലയ്ക്ക് എടുത്ത് പണി ആരംഭിച്ചിരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വർക്ക്ഷോപ്പ് ആരംഭിക്കുന്നതിനും ആവശ്യമായ പണികൾ ചെയ്യുന്നതിനും ഈ ഭൂമി സംരക്ഷിക്കുന്നതിനും വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വർക്ക്ഷോപ്പും മറ്റ് അനുബന്ധ പണികളും ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ ജോലികൾ എത്രയുംവേഗം പൂർത്തീകരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

കെ.ടി.ഡി.എഫ്.സി.യുടെ പണം ഇടപാടുകൾ

86(1909)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും പ്രത്യേക പദ്ധതിക്കുവേണ്ടി സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെയും കേന്ദ്ര സർക്കാരിന്റെയും പണം ഇടപാട് നടത്തുവാൻ കെ.ടി.ഡി.എഫ്.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ തീരുമാനത്തിന് ഗതാഗത വകുപ്പുമന്ത്രിയുടെ അനുമതിയോ അറിവോ ഉണ്ടായിരുന്നുവോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ സർക്കാർ എന്ത് നടപടി സ്വീകരിച്ചു;

(ഡി) കെ.ടി.ഡി.എഫ്.സി. ഡയറക്ടർ ബോർഡ് പ്രസ്തുത പണമിടപാട് തീരുമാനത്തിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുകൂടിയ യോഗമാണ് അംഗീകാരം നൽകിയത്;

(ഇ) സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും ഏജൻസിക്ക് പണം വിതരണം ചെയ്യുവാനുള്ള ഷെഡ്യൂളിൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകുവാനുള്ള നിർദ്ദേശം ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly